## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1451** — **02.07.2015 ലെ മറുപടി**

### വിദേശ നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ നടപടി

ചോദ്യം — മറുപടി

ശ്രീ. കെ.എൻ.എ.ഖാദർ — ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുജനങ്ങൾക്ക് വിദേശ തൊഴിൽ നിയമങ്ങളെക്കുറിച്ച് അവബോധം കുറവായത് പലപ്പോഴും വിസ തട്ടിപ്പ്, അനധികൃത റിക്രൂട്ടിങ് എന്നിവയ്ക്ക് ഇടയാക്കുന്നുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുവാൻ ആഗ്രഹിക്കുന്ന മലയാളികളെ ഇത്തരത്തിൽ കബളിപ്പിക്കുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (ബി) | വിദേശ ജോലിക്ക് റിക്രൂട്ടിംഗ് നടത്തുന്ന സ്വകാര്യ ഏജൻസികൾ തൊഴിലന്വേഷകരെ കബളിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, പോലീസ് ആസ്ഥാനത്തെ എൻ.ആർ.ഐ സെൽ, ജില്ലാ പോലീസ് മേധാവികൾ എന്നിവർ മുഖാന്തിരം അന്വേഷിച്ച് പ്രസ്തുത ഏജൻസികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിസ തട്ടിപ്പിന് ഇരയാകാതിരിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളെ ബോധവത്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ, " Awareness Campaign on illegal recruitment & VISA Check" എന്ന ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വ്യാജ റിക്രൂട്ടിംഗിനെതിരെ ദൃശ്യ/ശ്രാവ്യ/അച്ചടി മാദ്ധ്യമങ്ങളിലൂടെ ആവശ്യമായ പ്രചാരണം നൽകി വരുന്നുണ്ട്. കൂടാതെ വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം എന്ന ഒരു പദ്ധതിയും നിലവിലുണ്ട്. |
| (സി) | ഇത്തരത്തിലുള്ള തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തട്ടിപ്പുകാരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും എന്തെങ്കിലും പ്രത്യേക പരിശോധനാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) യും (ഡി) | ആഭ്യന്തര വകുപ്പിന്റെ കീഴിൽ പോലീസ് ആസ്ഥാനത്ത് എൻ ആർ ഐ സെല്ലിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ഹെൽപ് ലൈൻ പ്രവർത്തിച്ചു വരുന്നതും വിവിധ ദൃശ്യ ശ്രവണ മാധ്യമങ്ങളിലൂടെ നിരന്തരം ഇത്തരം തട്ടിപ്പുകളെക്കുറിച്ച് അറിയിപ്പുകൾ കൊടുത്തു വരുന്നതുമാണ്. റിക്രൂട്ടിംഗ് ഏജൻസികൾക്ക് എതിരെ ലഭിക്കുന്ന പരാതികൾ ആഭ്യന്തര വകുപ്പ് മുഖേന അന്വേഷിച്ച് കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഏജൻസികളെ കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധനകൾ /അന്വേഷണങ്ങൾ ആഭ്യന്തര വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുമോ? | | |

[signature]

സെക്ഷൻ ഓഫീസർ